# SECOND YEAR HIGHER SECONDARY
# FIRST TERMINAL EXAMINATION – 2024

**Part - II** **Time: 2 ½ Hours**

**MALAYALAM** **Cool off time: 15 Minutes**

**Maximum Score: 80**

---

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടുത്തരം തെരഞ്ഞെടുത്തെഴുതുക.**

**(2 സ്കോർ വീതം)** **(5 x 2 =10)**

1. "കുറ്റമില്ലാത്ത ജനം കുറ്റമുള്ളവരെയും
 ചെറ്റു നിന്ദിക്കയില്ല തമ്മുടെ ഗുണങ്ങളാൽ" - ഈ വരികൾക്ക് അനുയോജ്യമായ പ്രസ്താവനകൾ ഏവ?

    i) പരസ്പരം കുറ്റപ്പെടുത്തുന്നവർ നല്ലവരാണ്

    ii) നല്ല മനുഷ്യർ മറ്റുള്ളവരെ അധിക്ഷേപിക്കാറില്ല

    iii) നിന്ദിക്കുന്നത് നല്ല ഗുണമാണ്

    iv) കുറ്റമുള്ളവരെ പോലും നന്മയുള്ളവർ കളിയാക്കില്ല

2. "അലകടലിൻ വേരു പറിക്കാൻ കുതറീ കാട്ടാളൻ..." - ഈ വരിയിൽ തെളിയുന്ന കാട്ടാളന്റെ ഭാവത്തിന് യോജിച്ചവ എഴുതുക.

    i) അതിയായ സന്തോഷം

    ii) പ്രതികാരത്തിനുള്ള ആവേശം

    iii) കടലിനോടുള്ള പക

    iv) അടങ്ങാത്ത രോഷം

3. ദിവാകരൻ എത്തിച്ചേർന്ന തെരുവിലെ കടകളുടെ സവിശേഷതകൾ

    i) എല്ലാത്തരം സാധനങ്ങളും ലഭിക്കുന്നവ

    ii) രാത്രിയും പകലും തുറന്നിരിക്കുന്നവ

    iii) വേണ്ടത്ര വെളിച്ചമില്ലാത്തവ

    iv) മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്നവ

4. കാക്കാരിശ്ശി നാടകത്തിനു യോജിച്ച പ്രസ്താവനകൾ ഏവ?

    i) ശാസ്ത്രീയ അഭ്യസനം ആവശ്യമുള്ള കലാരൂപം

    ii) നാടോടി കലാരൂപം

    iii) ഭഗവതിക്കാവുകളിൽ അവതരിപ്പിക്കപ്പെടുന്നു

    iv) ശിവപുരാണവുമായി ബന്ധപ്പെട്ട ഐതിഹ്യം

5. ബാഹുകൻ നളൻ തന്നെയാണ് എന്ന് കരുതാൻ സഹായകമായ സൂചനകൾ

    i) സാകേതപതിയോട് വിനയത്തോടെ പെരുമാറുന്നു

    ii) ബാഹുകൻ സ്പർശിക്കുമ്പോൾ വാടിയ പൂക്കൾ വിളങ്ങുന്നു

    iii) അഗ്നി അഹങ്കാരമില്ലാതെ കത്തുന്നു

    iv) ബാഹുകൻ തേരിൽ ദുഃഖിതനായിരിക്കുന്നു

6. ഗബ്രിയേൽ ഗാർസിയ മാർക്വെസിന് യോജിച്ച രണ്ട് പ്രസ്താവനകൾ കണ്ടെത്തുക

i) പരിസ്ഥിതിവിനാശം പ്രമേയമാക്കിയ കഥകൾ

ii) മാജിക്കൽ റിയലിസം എന്ന രചനാസങ്കേതം

iii) ചലച്ചിത്ര സംവിധായകൻ

iv) ഗാബോ എന്ന വിളിപ്പേരിൽ അറിയപ്പെട്ടു

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

**(2 സ്കോർ വീതം) (3 x 2 =6)**

7. 'ദൈവദശക'ത്തെ വിശ്വപ്രാർത്ഥന എന്ന് വിളിക്കാൻ കാരണമെന്ത്?

8. ടോട്ടോയ്ക്കും ജോവലിനും പാകത വന്നു എന്ന് മാതാപിതാക്കൾക്ക് തോന്നിയ സന്ദർഭം എഴുതുക.

9. നളനോട് നേരിട്ട് സംസാരിച്ചതിൽനിന്ന് മനസിലാക്കിയ എന്തൊക്കെ സവിശേഷതകളാണ് കേശിനി ദമയന്തിയെ അറിയിച്ചത്?

10. മലയാളം ക്ലാസുകൾ ഇ. സി. ജി. സുദർശന് ഏതൊക്കെ തരത്തിൽ പ്രയോജനപ്പെട്ടു?

**11 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക**

**(4 സ്കോർ വീതം) (5 x 4 =20)**

11. കാക്കാരിശ്ശി നാടകത്തെപ്പറ്റി ലഘുകുറിപ്പ് തയ്യാറാക്കുക.

12. കേശിനി വിദഗ്ധയായ തോഴിയാണെന്ന് എങ്ങനെ മനസ്സിലാക്കാം?

13. തനത് നാടകത്തിന്റെ എന്തൊക്കെ സവിശേഷതകൾ 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിൽ കണ്ടെത്താനാവും?

14. "നിന്നുടെ ജന്മത്തേക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം" എന്ന് ശകുന്തള പറയാനിടയായ സാഹചര്യം എന്ത് ?

15. കാട്ടാളന്റെ മനസ്സിലുണരുന്ന പോയകാല സമൃദ്ധിയുടെ ഓർമ്മകൾ എന്തൊക്കെയാണ്?

16. വിപണിയിലെ മായക്കാഴ്ചകൾ ദിവാകരനെ എങ്ങനെയൊക്കെയാണ് പ്രതിസന്ധിയിലാക്കുന്നത്?

**17. ചേരുംപടി ചേർക്കുക (4 സ്കോർ) (4)**

| | | |
|---|---|---|
| കിരാതവൃത്തം | - | നളചരിതം ആട്ടക്കഥ |
| കണ്ണാടി കാണ്മോളവും | - | ഭൈരവിക്കോലം |
| ദൈവദശകം | - | സംഭവപർവ്വം |
| കേശിനീമൊഴി | - | വിശ്വപ്രാർത്ഥന |

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

**(6 സ്കോർ വീതം) (3 x 6 =18)**

18. 'മാതൃഭാഷാപഠനം വെറും ഭാഷാപഠനം മാത്രമല്ല, അത് ജീവിതത്തെ മുഴുവൻ സ്വാധീനിക്കുന്ന പ്രക്രിയയാണ്' - ഇ. സി. ജി. സുദർശന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

19. 'എഴുത്തച്ഛന്റെ ശകുന്തള ശക്തമായ സ്ത്രീകഥാപാത്രമാണ്' -പാഠഭാഗത്തെ അടിസ്ഥാനമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

20. 'ആൾക്കൂട്ടത്തിൽ തനിച്ചായിപ്പോകുന്ന ആധുനിക മനുഷ്യന്റെ വിഹ്വലതകളാണ് അവകാശങ്ങളുടെ പ്രശ്നം

എന്ന കഥയിൽ അവതരിപ്പിക്കപ്പെടുന്നത്' - ഈ അഭിപ്രായം വിശകലനം ചെയ്യുക.

21. 'നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചിടും...' ദയാബായിയുടെ അനുഭവവുമായി ബന്ധപ്പെടുത്തി ഈ കാവ്യഭാഗത്തെ വ്യാഖ്യാനിക്കുക.

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

**(2 സ്കോർ വീതം) (3 x 2 =6)**

മനുഷ്യനും പ്രകൃതിയും ഒന്നല്ല. മനുഷ്യൻ പ്രകൃതിയിൽ നിന്ന് വിഭിന്നനാണ്. ഇതുതന്നെയാണ് കലാസൗന്ദര്യത്തെയും പ്രകൃതിസൗന്ദര്യത്തെയും തമ്മിൽ വേർതിരിക്കുന്നത്. കാരണം കലാസൗന്ദര്യം മനുഷ്യനിർമ്മിതമാണ്. പ്രകൃതിസൗന്ദര്യം ക്ഷണികമാണ്. എന്നാൽ കലാസൗന്ദര്യം സ്ഥിരമായി നിൽക്കുന്നു. അത് ശാശ്വതമാണ്. പ്രകൃതിസൗന്ദര്യത്തിനുള്ള മറ്റൊരു അപാകത അത് ചേർച്ചയില്ലാത്ത പലതിനോടും ചേർന്നാണ് കിടക്കുന്നത് എന്നതുതന്നെ. എന്നാൽ കലാസൗന്ദര്യം കലർപ്പറ്റതാണ്. അതിൽ സൗന്ദര്യസാരം മാത്രമാണ് കലാകാരൻ അവതരിപ്പിക്കുന്നത്. അതുകൊണ്ട് അത് അഭംഗുരമാണ്.

22. പ്രകൃതിസൗന്ദര്യത്തെയും കലാസൗന്ദര്യത്തെയും തമ്മിൽ വേർതിരിക്കുന്നത് എന്താണ്?

23. കലാസൗന്ദര്യം അഭംഗുരമാണ് - എന്തുകൊണ്ട്?

24. കലാസൗന്ദര്യത്തെ അപേക്ഷിച്ച് പ്രകൃതിസൗന്ദര്യത്തിനുള്ള അപാകതയായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്താണ്?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.**

**(8 സ്കോർ വീതം) (2 x 8 =16)**

25. 'മഴനീരിനു മാനം നോക്കിയിരുന്ന കാട്ടാളൻ...' ചൂഷകരുടെ കയ്യിലകപ്പെട്ട് ഇടം നഷ്ടപ്പെട്ടുപോയ മനുഷ്യന്റെ രോദനത്തിന്റെയും രോഷത്തിന്റെയും പ്രതിധ്വനിയാണോ കിരാതവൃത്തം എന്ന കവിത? നിരൂപണം തയ്യാറാക്കുക.

26. പ്രതീകങ്ങൾ കൊണ്ട് സമൃദ്ധമാണ് അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകം. രാജാവിന്റെ കാലുകൾ, ചിന്താരാമന്റെ പുസ്തകം, കൊത്തുവാളിന്റെ ദണ്ഡ്, അടിച്ചുതളിക്കാരിയുടെ ചൂല് തുടങ്ങിയ നാടകവസ്തുക്കൾ എന്തെല്ലാം വ്യാഖ്യാനസാധ്യതകളാണ് നൽകുന്നത്? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

27. മാജിക്കൽ റിയലിസം എന്ന രചനാസങ്കേതം 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ മറ്റു കഥകളിൽ നിന്ന് എങ്ങനെയൊക്കെ വ്യത്യസ്തമാക്കുന്നുണ്ട്?

*************************************